പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1390** **30.01.2018 ൽ മറുപടിയ്ക്ക്**

**<u>കുറിഞ്ഞിമലയിലെ സെറ്റിൽമെന്റ് പ്രവർത്തനങ്ങൾ</u>**

| **ചോദ്യം**<br>**ശ്രീ.മഞ്ഞളാംകുഴി അലി** | | **മറുപടി**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
|---|---|---|
| (എ) | ദേശീയോദ്യാനമായ മൂന്നാർ കുറിഞ്ഞിമല സങ്കേതത്തിൽ വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട് സെറ്റിൽമെന്റ് പ്രവർത്തനങ്ങൾക്കായി സെറ്റിൽമെന്റ് ഓഫീസറെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണ് നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്, സബ് കളക്ടർ, ദേവികുളം |
| (ബി) | സെറ്റിൽമെന്റ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കാമോ; | (ബിയും, സിയും, ഡിയും) പൂർത്തീകരിച്ചിട്ടില്ല. ജി.ഒ(എം.എസ്) 69/15 തീയതി 16.02.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തണ്ടപ്പേര് പരിശോധന നടത്തേണ്ട വില്ലേജുകളിൽ കുറിഞ്ഞി ദേശീയോദ്യാനം ഉൾപ്പെട്ടു വരുന്നു. പ്രസ്തുത പരിശോധന പൂർത്തിയാകാത്തതും, ഉദ്യാനവുമായി ബന്ധപ്പെട്ട് സർവ്വെ നടപടികൾക്ക് തടസ്സം ഉണ്ടായതും, ആശങ്കകൾ കാരണം ജനങ്ങളുടെ ഭാഗത്തു നിന്നുമുള്ള നിസ്സഹകരണവും മൂലമാണ് സെറ്റിൽമെന്റ് നടപടികൾ വൈകുന്നത്. സെറ്റിൽമെന്റ് നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് ഭൂമി അളന്ന്തിരിച്ച് വനം വകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് 27/11/2017-ലെ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ ദേവികുളം സബ്കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നടപടികൾ യഥാസമയം പൂർത്തീകരിക്കാത്തതാണ് ഈ പ്രദേശത്തെ കയ്യേറ്റം കൃത്യമായി കണ്ടെത്താൻ കഴിയാത്ത സാഹചര്യമുണ്ടാക്കിയതെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | |
| (ഡി) | ഈ പ്രദേശത്തെ കയ്യേറ്റം അടിയന്തരമായി ഒഴിപ്പിച്ച് സെറ്റിൽമെന്റ് നടപടികൾ പൂർത്തീകരിച്ച് ഭൂമി അളന്ന്തിരിച്ച് വനം വകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ